REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഗുജറാത്തിലെത്തും.**
- **സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി ഒൻപതിന് പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U ഖേൽകർ.**
- **അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മുദ്രവിലയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവ് നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.**
- **കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കാസർകോട്, കണ്ണൂർ ജില്ലകളിലെ പരിപാടികളിൽ പങ്കെടുക്കും.**
- **ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിലെ രണ്ടാം സെമിയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഗുജറാത്തിലെത്തും. കെവാഡിയയിലെ ഏകതാ നഗറിൽ, ആയിരത്തി 140 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കും. മ്യൂസിയം ഓഫ് റോയൽ കിംഗ്ഡംസ് ഓഫ് ഇന്ത്യ, സ്പോർട്സ് കോംപ്ലക്സ്, ശൂലപാണേശ്വർഘട്ടിനു സമീപം ബോട്ട് ജെട്ടി വികസനം എന്നിവയുൾപ്പെടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിടുകയും ചെയ്യും.

സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന രാഷ്ട്രീയ ഏക്താ ദിവസ് ആഘോഷങ്ങളിൽ നാളെ പ്രധാനമന്ത്രി പങ്കെടുക്കും.

✪✪✪

ഇന്ത്യയുടെ കപ്പൽ ഗതാഗത - കപ്പൽ നിർമ്മാണ ശേഷി ശക്തിപ്പെടുത്താൻ രണ്ട് ലക്ഷത്തി 20,000 കോടി രൂപയുടെ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി മുംബൈയിൽ തുടക്കമിട്ടു. ഇന്നലെ ആഗോള മാരിടൈം CEO ഫോറത്തിലും കോൺക്ലേവിലും പ്രധാനമന്ത്രി പങ്കെടുത്തു. ഇന്ത്യയുടെ വളർച്ചയിൽ മാരിടൈം മേഖലയ്ക്ക് വലിയ പ്രാധാന്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തുറമുഖ - അടിസ്ഥാന മേഖലയിലും വ്യാപാരത്തിലും കഴിഞ്ഞ ദശകത്തിൽ വൻ പരിവർത്തനം ഉണ്ടായതായി പ്രധാനമന്ത്രി വിലയിരുത്തി.

✪✪✪

നരേന്ദ്ര മോദി ഗവൺമെന്റ് കഴിഞ്ഞമാസം 22നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. വസ്ത്ര മേഖലയ്ക്കും, തുകൽ - പാദരക്ഷ- എന്നിവയ്ക്കും വരുത്തിയ GST- ഇളവിനെ കുറിച്ച് ഒരു റിപ്പോർട്ട്...

........(വോയ്സ്).........

റെഡിമെയ്ഡ് വസ്ത്രങ്ങൾ, തുകൽ, പാദരക്ഷകൾ എന്നിവയുടെ നികുതി നിരക്ക് ഗവൺമെന്റ് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. രണ്ടായിരത്തി അഞ്ഞൂറ് രൂപ വരെ വില വരുന്ന വസ്ത്രങ്ങൾക്കും പാദരക്ഷകൾക്കും ഇപ്പോൾ 5 ശതമാനം മാത്രമാണ് GST. ഇതോടൊപ്പം ഷമോ ലെതർ, കോമ്പോസിഷൻ ലെതർ, ലെതർ ഫൈബർ തുടങ്ങിയ തുകൽ ഉൽപ്പന്നങ്ങളുടെ നികുതിയും അഞ്ച് ശതമാനമായി കുറച്ചു.

നികുതി നിരക്കിലെ ഗണ്യമായ കുറവ് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് കൂടുതലായി വാങ്ങാൻ മാത്രമല്ല, ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഇടവരുത്തി. നടപടി ഉല്പാദന ചെലവ് കുറയ്ക്കുന്നതോടൊപ്പം ഉൽപ്പന്നങ്ങളുടെ ഡിമാൻഡ് വർദ്ധിപ്പിക്കുകയും, കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷ. മധ്യവർഗത്തിനും കുറഞ്ഞ വരുമാനക്കാർക്കും, ഇന്ത്യൻ വസ്ത്രങ്ങളും പാദരക്ഷകളും ഇതോടെ കൂടുതൽ വിലക്കുറവിൽ ലഭ്യമായി കഴിഞ്ഞു.

✪✪✪

ഫെബ്രുവരി ഒൻപതിന് സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ U ഖേൽകർ ആകാശവാണിയോട് പറഞ്ഞു. തീവ്ര വോട്ടർ പട്ടിക പുതുക്കലിന്റെ നടപടിക്രമങ്ങളെകുറിച്ച് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തിയോട് സംസാരിക്കുകയായിരുന്നു മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ.

......വോയ്സ്......

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ വകുപ്പ് സെക്രട്ടറിമാരുടെയും പൊലീസ് മേധാവികളുടേയും സഹായം മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ അഭ്യർത്ഥിച്ചു. ഇതിന് ആവശ്യമായ സൗകര്യങ്ങളൊരുക്കാൻ ചീഫ് സെക്രട്ടറി സംസ്ഥാന പൊലീസ് മേധാവിക്കും വകുപ്പ് സെക്രട്ടറിമാർക്കും നിർദേശം നൽകി.

✪✪✪

അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീടും സ്ഥലവും രജിസ്റ്റർ ചെയ്യുന്നതിന് മുദ്രവിലയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവ് നൽകാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചോ, ഗവൺമെന്റ് ധനസഹായം ഉപയോഗിച്ചോ വീടോട് കൂടി വസ്തു വാങ്ങുന്നവർക്കാണ് ഇളവ് നൽകുന്നത്. മുദ്രവിലയിൽ പരമാവധി ഒരു ലക്ഷത്തി 20,000 രൂപ വരെയും, രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ പരമാവധി 30,000 രൂപ വരെയും പരമാവധി ഇളവ് ലഭിക്കും. മൂന്ന് വർഷത്തേക്കാണ് ഇളവ് അനുവദിക്കുന്നത്. അങ്കമാലി നഗരസഭാ പരിധിയിലെ ഗുണഭോക്താക്കൾക്ക് പൂർണ്ണ ഇളവും അനുവദിക്കും.

നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രാകരം നൽകുന്ന അവധിയുടെ പട്ടികയിൽ പെസഹാ വ്യാഴം കൂടി ഉൾപ്പെടുത്താനും യോഗം തീരുമാനിച്ചു.

ആലപ്പുഴ ജില്ലയിലെ മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് 24 കോടിയിൽ പരം രൂപയുടെ ടെണ്ടറും മന്ത്രിസഭ അംഗീകരിച്ചു.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കാസർകോട്, കണ്ണൂർ ജില്ലകളിലെ പരിപാടികളിൽ പങ്കെടുക്കും. കാസർകോട്ട് കേരള കേന്ദ്ര സർവകലാശാലയിൽ പുതിയ അക്കാദമിക് ബ്ലോക്കിന് അദ്ദേഹം തറക്കല്ലിടും. രാവിലെ 11.30യോടെ പെരിയ ക്യാമ്പസിലാണ് പരിപാടി. കണ്ണൂർ കൂടാളി പഴശ്ശിരാജ വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റിയുടെ പുതിയ കെട്ടിടവും ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് തിരുവനന്തപുരത്ത് ഒരു മരണം കൂടി. ചിറയിൻകീഴ് അഴൂർ സ്വദേശിയായ 77-കാരിയാണ് മെഡിക്കൽ കോളജ് ആശുപത്രിയിൽ മരിച്ചത്.

ഒരു മാസമായി ചികിത്സയിലായിരുന്നു. 10 ദിവസം മുമ്പാണ് രക്ത പരിശോധനയിൽ അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചത്.

✪✪✪

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ വികസന സെമിനാർ രാവിലെ മന്ത്രി J ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. കാസർകോട് ചെർക്കള ഐമാക്സ് ഓഡിറ്റോറിയത്തിലാണ് സെമിനാർ.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒരു ജില്ലയിലും പ്രത്യേക ജാഗ്രതാ നിർദേശമില്ല.

✪✪✪

ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിലെ രണ്ടാം സെമിയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. നവി മുംബൈയിലെ ഡോ. DY പാട്ടീൽ സ്പോർട്സ് അക്കാദമി ഗ്രൗണ്ടിൽ ഉച്ച കഴിഞ്ഞ് മൂന്നിനാണ് മത്സരം. ഇന്നത്തെ ജേതാക്കളായിരിക്കും ടൂർണമെന്റിലെ രണ്ടാം ഫൈനലിസ്റ്റ്. ആകാശവാണി മത്സരത്തിന്റെ ദൃക്സാക്ഷിവിവരണം രണ്ടരമുതൽ ഇംഗ്ലീഷിലും ഹിന്ദിയിലും പ്രക്ഷേപണം ചെയ്യും.

ഇന്നലെ ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെ തകർത്ത് ആദ്യ ഫൈനലിസ്റ്റുകളായി. ഗോഹട്ടിയിലെ ബർസാപാഡ സ്റ്റേഡിയത്തിൽ 125 റൺസിനാണ് അവർ ഇംഗ്ലണ്ടിനെ തോൽപ്പിച്ചത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കോഴിക്കോട്ട് കാലിക്കറ്റ് FC - കണ്ണൂർ വാരിയേഴ്സ് FC മത്സരം ഇരു ടീമുകളും ഓരോ ഗോളടിച്ച് സമനിലയിൽ പിരിഞ്ഞു.

നാലാം റൗണ്ടിലെ അവസാന മത്സരത്തിൽ നാളെ ഫോഴ്സ കൊച്ചി FC, തൃശൂർ മാജിക് FCയെ നേരിടും. എറണാകുളം മഹാരാജാസ് കോളേജ് സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

വിഷൻ 2031-ന്റെ ഭാഗമായി തുറമുഖ വകുപ്പിന്റെ സംസ്ഥാനതല സെമിനാർ രാവിലെ കണ്ണൂർ അഴീക്കൽ തുറമുഖപരിസരത്ത് നടത്തും. മന്ത്രി VN

വാസവൻ ഉദ്ഘാടനം ചെയ്യും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായിരിക്കും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

........വോയ്സ്........

ഏഴ് സെഷനുകളിലായാണ് സെമിനാർ നടക്കുക വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലെ പുത്തൻ സാധ്യതകള്ും മറ്റ് നോൺ മേജർ തുറമുഖ വികസനവും സെമിനാറിൽ ചർച്ച ചെയ്യും. മാരിടൈം ടൂറിസവും മാരിടൈം വിദ്യാഭ്യാസവും കൂടാതെ ഉൾനാടൻ യന്ത്രവത്കൃത യാനങ്ങളും കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങൾ കേന്ദ്രീകരിച്ചുള്ള സമുദ്രാധിഷ്ഠിത വികസനവും ചരക്ക് ഗതാഗതവും ചർച്ചാ വിഷയമാകും.

മലബാർ ഇന്റർനാഷണൽ പോർട്ട് വികസനകുതിപ്പിന്റെ പുതുഅധ്യായം, , സമുദ്ര -ഉൾനാടൻ ജലഗതാഗതം ബന്ധിപ്പിച്ച് കൊണ്ടുള്ള ചരക്ക് നീക്കം, തുറമുഖാധിഷ്ഠിത വ്യവസായവും ലോജിസ്റ്റിക്സും, തുറമുഖ വികസനം-വ്യവസായ വാണിജ്യമേഖലയുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും എന്നിവയും സെമിനാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷത വഹിക്കും. മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ജെയിംസ് വർഗീസ് തുറമുഖ വകുപ്പ് സെക്രട്ടറി ബി .അബ്ദുൽ നാസർ എം.പി മാർ, എം.എൽ എ മാർ ുൾപ്പെടെയുള്ള ജനപ്രതിനിധികൾ ജില്ലാ അരുൺ കെ.വിജയൻ തുടങ്ങയവർ സംബന്ധിക്കുന്നുണ്ട്

✪✪✪

താമരശ്ശേരി കട്ടിപ്പാറ ഫ്രഷ് കട്ട് അറവുമാലിന്യ സംസ്കരണ കേന്ദ്രവുമായി ബന്ധപ്പെട്ട സംഘർഷത്തിൽ യഥാർഥ പ്രതികളെ കണ്ടെത്തി നടപടിയെടുക്കാൻ കോഴിക്കോട് കലക്ടർ സ്നേഹിൽ കുമാർ സിംഗ് പോലീസിന് നിർദേശം നൽകി. അനാവശ്യ ഇടപെടലുകളും റെയ്ഡും ഒഴിവാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇന്നലെ ചേർന്ന സർവകക്ഷി യോഗത്തിലാണ് കലക്ടറുടെ നിർദേശം. പ്ലാന്റിലെ ദുർഗന്ധത്തിന് കാരണം കണ്ടെത്തി പരിഹരിക്കും. പ്രവർത്തനത്തിൽ നിയമലംഘനം കണ്ടെത്തിയാൽ പ്ലാന്റ് അടച്ചിടുമെന്നും കലക്ടർ അറിയിച്ചു.

✪✪✪

പാലക്കാട് ജില്ലയിലെ ബാങ്കുകളിൽ അവകാശികളില്ലാതെ ശേഷിക്കുന്നത് 127 കോടിയോളം രൂപയുടെ നിക്ഷേപമാണ്. അവകാശികളെ കണ്ടെത്തി ഇത്തരം നിക്ഷേപങ്ങൾ തിരിച്ചുനൽകാൻ 'നിങ്ങളുടെ പണം നിങ്ങളുടെ അവകാശം'

എന്ന പേരിൽ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി നവംബർ മൂന്നിന് പാലക്കാട്ട് പ്രത്യേക ക്യാമ്പ്  നടത്തും.

ഫൈസൽ അലിമുത്തിന്റെ റിപ്പോർട്ട്

...........വോയ്സ്.........

ജില്ലയിൽ  5.76 ലക്ഷം അക്കൗണ്ടുകളിലായാണ് അവകാശികളില്ലാത്ത  126.54 കോടി രൂപയുടെ നിക്ഷേപം ഉള്ളത്.പത്തുവർഷത്തിലേറെയായി ഒരു ഇടപാടുപോലും നടക്കാത്ത അക്കൗണ്ടുകളാണ് അവകാശികളില്ലാത്ത അക്കൗണ്ടായി പരിഗണിക്കുക.ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ എല്ലാ ബാങ്കുകളുടെയും സഹകരണത്തോടെയാണ് ജില്ലാതല ക്യാമ്പ് സംഘടിപ്പിക്കുന്നത്.

നിക്ഷേപത്തിന്റെ അവകാശികളാണെന്ന് തെളിയിക്കുന്ന രേഖകളുമായി ക്യാമ്പിലെത്തുന്നവർക്ക്  പണം തിരികെ ലഭിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ക്യാമ്പിൽ ലഭിക്കും.ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കുന്ന  ക്യാമ്പിൽ ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ, മ്യൂച്ചൽ ഫണ്ട് സ്ഥാപനങ്ങൾ, പെൻഷൻ ഫണ്ടുകൾ, ഫിനാൻഷ്യൽ ലിറ്ററിസി സെന്ററുകൾ എന്നിവയുടെ സഹായ കൗണ്ടറുകളും ഉണ്ടാവും.

✪✪✪

മികച്ച കവിതാസമാഹാരത്തിന് തളി മഹാക്ഷേത്രവും  രേവതി പട്ടത്താന സമിതിയും നൽകി വരുന്ന 'കൃഷ്ണഗീതി ' പുരസ്കാരത്തിന് കാവാലം ശശികുമാർ അർഹനായി. 'നഗരവൃക്ഷത്തിലെ കുയിൽ' എന്ന കവിതാ സമാഹാരമാണ് അവാർഡിന് അർഹമായത്.

✪✪✪

കേരള ക്ഷേത്രകലാ അക്കാദമിയുടെ 2023-24 ലെ പുരസ്കാരങ്ങൾ ഉച്ചക്ക് കണ്ണൂരിൽ വിതരണം ചെയ്യും. മാടായി ബാങ്ക് ഓഡിറ്റോറിയത്തിൽ മന്ത്രി VN. വാസവൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും. 52 കലാകാരൻമാരെയാണ് പുരസ്കാരം നൽകി ആദരിക്കുന്നത്.

✪✪✪

വയനാട് അമ്പലവയൽ ചുള്ളിയോട് റോഡിൽ ഇന്നലെ രാത്രി നിയന്ത്രണം വിട്ട ബൈക്ക് വൈദ്യുതി പോസ്റ്റിൽ ഇടിച്ച് രണ്ട് പേർ മരിച്ചു. കോലമ്പറ്റ സ്വദേശികളായ സുധീഷ്, സുമേഷ് എന്നിവരാണ് മരിച്ചത്.

✪✪✪

കുറ്റിക്കാട്ടൂരിൽ വൈദ്യുതി തൂണിൽനിന്ന് ഷോക്കേറ്റ് മരിച്ച മുഹമ്മദ് റിജാസിന്റെ കുടുംബത്തിന് മുഴുവൻ നഷ്ടപരിഹാരത്തുകയും ലഭ്യമാക്കുമെന്ന് ന്യൂനപക്ഷ കമീഷൻ അംഗം P റോസ അറിയിച്ചു. നിലവിൽ അഞ്ച് ലക്ഷം രൂപയാണ് കുടുംബത്തിന് ലഭിച്ചത്.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs : സബിത കെ, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*